HoD-LoBC

2763
9/06.

9/6.

# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - കെ.എസ്.യു.ഡി.പി. - ജെ.എൻ.എൻ.യു.ആർ.എം. - കൊച്ചി കുടിവെള്ള പദ്ധതിയ്ക്കും തിരുവനന്തപുരത്തെ മാലിന്യ നിർമ്മാർജ്ജന പദ്ധതിയ്ക്കുമായി സ്ഥലം ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്

സ.ഉ. (എം.എസ്) 142/2008/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, മേയ് 27, 2008

പരാമർശം: 1. 24-04-2008-ലെ സ.ഉ.(സാധാ) നം.1243/2008/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.

2. കെ.എസ്.യു.ഡി.പി. പ്രോജക്ട് ഡയറക്ടറുടെ 19-03-2008-ലെ 139/KSUDP/2006/iii/KWA നമ്പർ കത്ത്.

3. 11-05-2004-ലെ സ.ഉ. (എം.എസ്) നം.331/2004/ആർ.ഡി. നമ്പർ ഉത്തരവ്.

## ഉത്തരവ്

ജെ.എൻ.എൻ.യു.ആർ.എം, കെ.എസ്.യു.ഡി.പി. പ്രകാരം തിരുവനന്തപുരത്ത് ആരംഭിക്കുന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതിയ്ക്കായും കൊച്ചിയിൽ ആരംഭിക്കുന്ന കുടിവെള്ള പദ്ധതിയ്ക്കായും താഴെ സൂചിപ്പിച്ചിട്ടുള്ള സ്ഥലങ്ങൾ അടിയന്തിര ഖണ്ഡത്തിൽ പെടുത്തി അക്വയർ ചെയ്യുന്നതിന് പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

തിരുവനന്തപുരം ജില്ല:-

| നം. | ബ്ലോക്ക് & പമ്പ് ഹൗസ് | വില്ലേജ് | സർവ്വേ നമ്പർ | വിസ്തീർണ്ണം |
|---|---|---|---|---|
| 1. | ശാന്തിനഗർ | മേനംകുളം | 145 | 1333 |
| 2. | കുളത്തൂർ | ആറ്റിപ്ര | 358 | 1750 |
| 3. | കരിമണൽ | ആറ്റിപ്ര | 428 | 2205 |
| 4. | ആക്കുളം | കടകംപള്ളി | 167 | 1619 |
| 5. | ഇടത്തറ | കടകംപള്ളി | 1410 | 2050 |
| 6. | കരിക്കകം | കടകംപള്ളി | 2359 | 1700 |
| 7. | ഉള്ളൂർ | ഉള്ളൂർ | 662 | 1575 |
| 8. | പാച്ചല്ലൂർ | തിരുവല്ലം | 410-421 | 986 |
| 9. | പുഞ്ചക്കരി | തിരുവല്ലം | 270 | 3128 |
| 10. | കാരക്കമണ്ഡപം | നേമം | 525 | 1320 |

മറുപുറം

എറണാകുളം ജില്ല:-

| നം. | ജില്ല | താലൂക്ക് | വില്ലേജ് | ബ്ലോക്ക് | വിസ്തീർണ്ണം ഹെ./ആർ/ച.മീ. |
|---|---|---|---|---|---|
| 1. | എറണാകുളം | കണയന്നൂർ | മാറാട് | 13 | 0.25.48 |
| 2. | എറണാകുളം | കണയന്നൂർ | മാറാട് | 14 | 0.04.67 |
| 3. | എറണാകുളം | കണയന്നൂർ | തെക്കുംഭാഗം | - | 0.30.14 |
| 4. | എറണാകുളം | കണയന്നൂർ | മണക്കുളം | 18 | 0.24.35 |
| 5. | എറണാകുളം | കണയന്നൂർ | മണക്കുളം | 19 | 0.17.79 |
| 6. | എറണാകുളം | കണയന്നൂർ | മുളന്തുരുത്തി | 24 | 0.31.04 |
| 7. | എറണാകുളം | മുവാറ്റുപുഴ | പിറവം | - | 0.27.06 |

പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായുള്ള സംസ്ഥാനതല സ്റ്റീയറിംഗ് കമ്മിറ്റിയും നഗരതല മോണിറ്ററിംഗ് കമ്മിറ്റിയും മേൽ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്ഥലമെടുപ്പ് ഫാസ്റ്റ് ട്രാക്ക് പ്രോജക്ടിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചു.

2. സർക്കാർ ഉക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ജെ.എൻ.എൻ.യു.ആർ.എം, കെ.എസ്.യു.ഡി.പി. എന്നിവയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് ആരംഭിക്കുന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതിയും കൊച്ചിയിൽ ആരംഭിക്കുന്ന കുടിവെള്ള പദ്ധതിയും സമയബന്ധിതമായി പ്രാവർത്തികമാക്കുന്നതിലേയ്ക്കായി മുകളിൽ പ്രസ്താവിച്ചിട്ടുള്ള സ്ഥലങ്ങൾ പരാമർശം (3)-ലെ ഉത്തരവിൽ പ്രതിപാദിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങക്കൾക്കനുസൃതമായി ഫാസ്റ്റ് ട്രാക്ക് പ്രോജക്ടിൽ ഉൾപ്പെടുത്തി അക്വയർ ചെയ്യുന്നതിന് തിരുവനന്തപുരം നഗരസഭയ്ക്കും കൊച്ചി നഗരസഭയ്ക്കും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എസ്സ്.എം.വിജയാനന്ദ്,
പ്രിൻസിപ്പൽ സെക്രട്ടറി.

To

1. പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി., തിരുവനന്തപുരം.
2. സെക്രട്ടറി, തിരുവനന്തപുരം നഗരസഭ, തിരുവനന്തപുരം.
3. സെക്രട്ടറി, കൊച്ചി നഗരസഭ, കൊച്ചി.

(മറുപുറം)

4. ജില്ലാ കളക്ടർ, തിരുവനന്തപുരം.

5. ജില്ലാ കളക്ടർ, എറണാകുളം.

6. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

8. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

9. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

10. റവന്യൂ (FTP) വകുപ്പ്.

11. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

12. പൊതുഭരണ (എസ്.സി) വകുപ്പ്

13. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.